**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7120

11.07.2014-ലെ മറുപടിക്ക്

**വനഭൂമി കടിയേറ്റ ക്രമീകരണ നിയമത്തിൽ 2013-ൽ പുറത്തിറക്കിയ ഉത്തരവ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 1993-ലെ വനഭൂമി കടിയേറ്റ ക്രമീകരണ നിയമത്തിൽ 2013-ൽ പുറത്തിറക്കിയ ഉത്തരവ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആയതിൽ അനന്തരവകാശിയെ നിർവ്വചിച്ചതിൽ ഉൾപ്പെടുത്തിയിട്ടുള്ള "സ്റ്റാമ്പ്ഡ് ഇൻസ്ട്രുമെന്റ്" എന്നതു കൊണ്ട് അർത്ഥമാക്കിയിട്ടുള്ളത് എന്താണ്; | (ബി) കൈവശ വനഭൂമിയ്ക്ക് യഥാർത്ഥ പട്ടയം കിട്ടിയിട്ടില്ലാത്തവരിൽ നിന്നും ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറി നൽകുന്നതിന് "(കൺവേയൻസ്)" സാധുതയില്ല. അതിനാൽ ഭൂമി കൈവശമുണ്ടായിരുന്ന മുൻഗാമിയിൽ നിന്നും മുദ്രപത്രത്തിലൂടെ (സ്റ്റാമ്പ്ഡ് ഇൻസ്ട്രുമെന്റ്) ഭൂമി കൈമാറി ലഭിച്ചവർക്ക് മാത്രമേ പിൻഗാമിയെന്ന നിലയിൽ ഭൂമിയുടെ പട്ടയത്തിനായി അവകാശമുന്നയിക്കാൻ അർഹതയുള്ളൂ. |
| (സി) "സ്റ്റാമ്പ്ഡ് ഇൻസ്ട്രുമെന്റ്" എന്നത് രജിസ്റ്റർ ചെയ്ത കരാർ അല്ലായെങ്കിൽ എത്ര രൂപയുടെ മുദ്രപ്പത്രത്തിലായിരിക്കണം കരാർ തയ്യാറാക്കിയിരിക്കേണ്ടത്; | (സി) നിലവിലുള്ള രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം കൈവശ ഭൂമിയുടെ വിലയും പ്രസ്തുത ഭൂമിയിലെ ചമയങ്ങളുടേയും ദേഖണ്ഡങ്ങളുടേയും വിലയുടെയുമടിസ്ഥാനത്തിലാണ് മുദ്രപ്പത്രത്തിന്റെ വില നിശ്ചയിക്കുന്നത്. |
| (ഡി) ഈ ഉത്തരവിൽ കാലഗണന സൂചിപ്പിക്കാത്തതിനാൽ എന്നുമുതലുള്ള കൈമാറ്റത്തിനാണ് ഈ ഉത്തരവനുസരിച്ച് നടപടി സ്വീകരിക്കാനാകുകയെന്ന് വിശദമാക്കുമോ? | (ഡി) ഇതു സംബന്ധിച്ച 24.12.2013-ലെ എസ്.ആർ.ഒ 1004/2013-ാം നമ്പർ ഗസറ്റ് വിജ്ഞാപനത്തിൽ കാലഗണന സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ